വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 56 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു. ഇതിൽ 30 ലക്ഷം രൂപ ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷൻ കരകൗശല തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തിക വായ്പയ്ക്കുള്ള സർക്കാർ സഹായവും 17 ലക്ഷം രൂപ 'കേരൾ ഹാത്ത്' സ്ഥാപിക്കുന്നതിനും 4 ലക്ഷം രൂപ സി.എഫ്.എസ്.സി.-യുടെ ആധുനികവൽക്കരണത്തിനും 5 ലക്ഷം രൂപ കോർപ്പറേഷനുള്ള ധനസഹായവും എന്ന ഇനത്തിലാണ് നൽകിയിട്ടുള്ളത്.

കരകൗശല മേഖലയെക്കുറിച്ചുള്ള പഠനത്തിനു സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തിനെ ഏല്പിക്കുകയും ഇതിനായി 3 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 'കേരൾ ഹാത്ത്' പദ്ധതിയുടെ ആവശ്യത്തിനായി തിരുവനന്തപുരത്ത് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷന്റെ പുനഃസംഘടനയ്ക്ക് സഹായകമായ പഠനം നടത്തുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്.

(സി) മേൽപ്പറഞ്ഞതിനുപുറമെ, കരകൗശല ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുകയും തദ്വാരാ കോർപ്പറേഷന്റെ ലാഭം വർദ്ധിപ്പിക്കുകയും തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് അർബൻ ഹാത്ത്/കേരൾ ഹാത്ത് എന്ന പദ്ധതി ലക്ഷ്യമിടുന്നു. സാമ്പത്തിക വർഷം ഈ പദ്ധതികൾക്കായി ഒരു കോടി രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കരകൗശല മേഖലയെ മൊത്തത്തിൽ പരിപോഷിപ്പിക്കാനായി ബാബാസാഹേബ് അംബേദ്കർ ഹാത്ത്ഷിപ്പ് വികാസ് യോജന, തൊഴിലാളികൾക്ക് പരിശീലനം, അപ്പെക്സ് സ്ഥാപനങ്ങളുടെ വിപുലീകരണത്തിനുള്ള ഗ്രാന്റ് എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം കരകൗശല വികസന കോർപ്പറേഷന്, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ-വികസന കോർപ്പറേഷനിൽനിന്നും 346.50 ലക്ഷം രൂപ ലഭ്യമാക്കാൻ സർക്കാർ ഗ്യാരന്റി നൽകി.

സഹകരണ രംഗത്തെ വായ്പകൾ

*9 [492] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ വർക്കല കഹാർ:
„ വി. ജെ. പൗലോസ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സഹകരണ രംഗത്തെ വായ്പകൾ കിട്ടാക്കടമാകുന്നത് എപ്രകാരമാണ്;

(ബി) വായ്പക്കാരൻ യഥാസമയം വായ്പാതുക അടയ്ക്കാതെ വന്നാൽ ജാമ്യക്കാരിൽ നിന്നോ മറ്റു സെക്യൂരിറ്റികളിൽ നിന്നോ വായ്പാ തുക ഈടാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ;

(സി) 30-6-2003-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ മതിയായ സെക്യൂരിറ്റിയില്ലാതെ എന്തുതുകയുടെ വായ്പ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇപ്രകാരം വായ്പ നൽകിയ തുക തിരിച്ചുകിട്ടാത്ത പക്ഷം ലോൺ കൊടുത്ത ഡയറക്ടർ ബോർഡ് മെമ്പർമാർക്കെതിരെ നടപടി എടുക്കാൻ വ്യവസ്ഥയുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) യാതൊരു തരത്തിലും ഈടാക്കിയെടുക്കാൻ കഴിയില്ല എന്ന് ഉത്തമ ബോദ്ധ്യമുള്ള വായ്പകളെ കിട്ടാക്കടമായി കണക്കാക്കുന്നു.

(ബി) ഉണ്ട്.

(സി) 92.01 ലക്ഷം രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷറുകൾ

*10 [493] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്രഷറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ക്രഷറുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(സി) അനിയന്ത്രിതമായ പാറ പൊട്ടിക്കൽ കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാറപൊട്ടിക്കുവാൻ ലൈസൻസ് നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ഇ) വിവിധ ഇനം പാറപൊട്ടിക്കലിന് ഈടാക്കുന്ന ഫീസ് തരംതിരിച്ച് വ്യക്തമാക്കുമോ;

(എഫ്) വ്യവസായവകുപ്പ് ലൈസൻസ് നൽകുന്നതിനുമുമ്പ് പരിസ്ഥിതി മലിനീകരണ വിഷയങ്ങളെ സംബന്ധിച്ച് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly